6440
8/6/15

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - തിരുവനന്തപുരം പൂജപ്പുര നിർഭയ ഷെൽറ്റർ ഹോമിന് മുകളിലായി ഒരു നില കൂടി പണിയുന്നതിനും ചുറ്റുമതിൽ നിർമ്മിക്കുന്നതിനും ഭരണാനുമതി നൽകി ഉത്തരവാകുന്നു.

---

സാമൂഹ്യനീതി (ബി) വകുപ്പ്

സ.ഉ(സാധാ) നം. 310/2015/സാനീവ    തീയതി, തിരുവനന്തപുരം. 02.06.2015

---

പരാമർശം : 1) സാമൂഹ്യനീതി ഡയറക്ടറുടെ 20.04.2015 ലെ എഫ്5/28857/14 നമ്പർ കത്ത്.
2) 16.05.2015 ൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പ്.

<u>ഉത്തരവ്</u>

തിരുവനന്തപുരം പൂജപ്പുര നിർഭയ ഷെൽറ്റർ ഹോമിന് മുകളിലായി ഒരു നില കൂടി പണിയുന്നതിനും ചുറ്റുമതിൽ നിർമ്മിക്കുന്നതിനുമായി പ്രോജക്ട് എഞ്ചിനീയർ ടി സൈറ്റ് സന്ദർശിച്ച് 82 ലക്ഷം രൂപയുടെ 2014 SOR പ്രകാരമുള്ള എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ടെന്ന് പരാമർശം (1) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ അറിയിച്ചിട്ടുണ്ട്. പ്രസ്തുത തുക നടപ്പ് സാമ്പത്തിക വർഷത്തെ 4235-02-103-99 (പി) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 8 കോടി രൂപയിൽ നിന്നും കണ്ടെത്താവുന്നതാണെന്നും സാമൂഹ്യനീതി ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(2) 16.05.2015 ൽ ചേർന്ന സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് യോഗം ടി പ്രൊപ്പോസലിന് അംഗീകാരം നൽകിയിട്ടുണ്ട്.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം പൂജപ്പുര നിർഭയ ഷെൽറ്റർ ഹോമിന് മുകളിലായി ഒരു നില കൂടി പണിയുന്നതിനും ചുറ്റുമതിൽ നിർമ്മിക്കുന്നതിനും ഭരണാനുമതി നൽകിയും ഇതിനാവശ്യമായ 82 ലക്ഷം രൂപ (എൺപത്തിരണ്ട് ലക്ഷം രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തെ 4235-02-103-99 (പി) ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകിയും ഇതിനാൽ ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എ.ഷാജഹാൻ,
സ്പെഷ്യൽ സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എആൻറ്ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി. സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
സാമൂഹ്യനീതി (എ) വകുപ്പ്
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ , ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ